# രാത്രിമഴ

## സുഗതകുമാരി

'കൈക്കുടന്നയിൽ കോരിക്കുടിക്കാവുന്ന കാറ്റ്' എന്ന വാല്മീകിയുടെ പ്രയോഗവൈചിത്ര്യത്തിൽനിന്നു കടംകൊണ്ട്, 'സ്പർശിച്ചാസ്വദിക്കാവുന്ന കവിത' എന്നൊരു സങ്കല്പമുണ്ടാക്കാമെങ്കിൽ ആ സങ്കല്പത്തോടേറ്റവുമടുക്കുന്ന നവീന മലയാളകവിത സുഗതയുടേതായിരിക്കും... സുഗതകുമാരിയുടെ കൃതികളിൽ മലരും മണവും പോലെ, തേനും സ്വാദുംപോലെ വസ്തുഭാവങ്ങൾ ഇഴുകിച്ചേർന്നിരിക്കുന്നു. ഭാവപ്രകടനോപായങ്ങളായ വസ്തുജാതം വൃക്ഷങ്ങളിൽ പൂക്കളെന്നപോലെ യഥാസ്ഥാനം വന്നുനിരക്കുന്നു. അനായാസമായ ആ സ്ഥാനോചിതാഗമംകൊണ്ട് ഭാവചടുലത ഏറ്റവും സ്വച്ഛന്ദവും വിചിത്രസുന്ദരവുമായിത്തീരുന്നു.

*പ്രൊഫ. എൻ. കൃഷ്ണപിള്ള*


കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡിസി ബുക്സ്

www.dcbooks.com

ISBN 81-264-1345-X

00007

9 788126 413454

കവിത

E-book available

₹ 80


സുഗതകുമാരി • രാത്രിമഴ


8M1 SUG/R

533


സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി


8M1 SUG/R

CASMTVK

5 3 3


# രാത്രിമഴ

## സുഗതകുമാരി

dcb

സുഗതകുമാരി

# രാത്രിമഴ

അവതാരിക
പ്രൊഫ. എൻ. കൃഷ്ണപിള്ള

ഡി സി ബുക്സ്

College Of Avian Scienc...
533
LIBR...
KVASU Thiruvazh... 678 601 ...

Malayalam Language
Rāthrimazha

Literature/Poems
*by* Sugathakumari

Rights Reserved

First Published June 1977
First DCB edition September 2006
7th impression July 2014

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C Books Library Cataloguing in Publication Data
Sugathakumari.
Rathrimazha/Sugathakumari;
104 p., 21 cm.
ISBN 81-264-1345-X.
1. Malayalam poem. I. Title.
8M1*-dc 22.
*(This is local variation of DDC number for Malayalam literature: Rathrimazha.).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-1345-X

Printed in India
at D C Press (P) Ltd., Kottayam 686 012

D C Books: The First Indian Book Publishing House to get ISO Certification

₹ 80.00

408/14-15-Sl.No. 13771-dcb 3339-(7)2000-2220-08-14-Spb. 18.1-p as-r ar-d sc

# സുഗതയുടെ കവിത

(ഒന്നാം പതിപ്പിന് എഴുതിയത്)

ആദ്യവായനയിൽത്തന്നെ സുഗതകുമാരിയുടെ 'കാളിയമർദ്ദന'ത്തിൽ ആണ്ടുപൂണ്ടു പോയ എന്റെ മനവും ചേതനയും വീണ്ടുകിട്ടിയപ്പോൾ ഉള്ളിലുയർന്ന ശബ്ദമിതായിരുന്നു: 'ഇതാ ഒറ്റക്കവിതകൊണ്ട് അമരത്വം വരിച്ച കവയിത്രി.' പൗരാണികങ്ങളായ കഥാസന്ദർഭങ്ങളിലും കഥാപാത്രങ്ങളിലും ആധുനിക കവികൾ വ്യക്തിഗതദർശനവിശേഷത്തിലൂടെ പ്രതിനവപ്രഭ കണ്ടെത്തി സ്വതന്ത്ര കൃതികൾ രചിക്കുന്ന ഏർപ്പാട് മലയാളത്തിൽ പ്രഹതമായിക്കഴിഞ്ഞെത്രയോ നാൾചെന്നശേഷം രചിച്ച ആ കവിതയുടെ അത്ഭുതകരമായ ആകർഷകത്വത്തിന് വിഷയപ്രകൃതിയാണ് കാരണമെന്ന് പറയാനാവില്ല. ഏതെങ്കിലുമൊരു ഘടകം മറ്റൊന്നിനെക്കാൾ പ്രധാനമെന്നു തോന്നാൻ സാധ്യമല്ലാത്ത വിധം, ശബ്ദാർത്ഥഭാവ സംയോഗ സൗഭാഗ്യത്തിന്റെ പരമസീമകൾ തന്നെ കാട്ടിത്തന്നു, ആ കവിത. അനാദ്യന്തകാലവും നശ്വരകാല ബിന്ദുവും തമ്മിൽ അതിവിരളമായി മാത്രം സന്ധിക്കുന്ന അനുഗൃഹീത മുഹൂർത്തങ്ങളിലൊന്നാവണം അതിനു ജന്മം നല്കിയത്. ആ പുണ്യാനുഗ്രഹം ആ കാവ്യത്തിലെ വർണ്ണങ്ങളിൽ, പദങ്ങളിൽ, പദഘടനയിൽ, വാക്യങ്ങളിൽ, ശയ്യയിൽ, താളത്തിൽ, അന്തരീക്ഷത്തിൽ— ആസകലം ഒരുപോലെ വ്യാപിച്ചിരിക്കുന്നതായി അനുഭവപ്പെട്ടു. സുഗതകുമാരി എന്ന പേരിനു താഴെക്കാണുന്ന ഏതു കവിതയും വായിക്കാൻ നിർബന്ധിക്കുമാറ് അത്രമേൽ ധന്യവും പ്രബലവുമായിരുന്നു ആ പ്രഥമാനുഭൂതി. സുമാർ രണ്ടു ദശകത്തിനു മുൻപാരംഭിച്ച് അനുസ്യൂതമായി നടന്നുവന്ന ഈ ഹൃദയസംവാദത്തിന്റെ ഒരു ഘട്ടത്തിലും ശുദ്ധാസ്വാദനത്തിനപ്പുറം കടന്ന്, രസനീയതയെപ്പറ്റി ഒരന്വേഷണം നടത്താൻ ഞാൻ മുതിർന്നിട്ടില്ല. കഴിഞ്ഞ ചില വർഷങ്ങളിലെ ഏതാനും കവനങ്ങൾ സമാഹരിച്ച് ഗ്രന്ഥരൂപത്തിൽ പ്രകാശിപ്പിക്കാൻ കവയിത്രി ആഗ്രഹിക്കുകയും അതവതരിപ്പിക്കണമെന്ന് എന്നോടാവശ്യപ്പെടുകയും ചെയ്തപ്പോഴാണ്, ആ വഴിക്കു മനസ്സിരുത്തിച്ചിന്തിക്കേണ്ടി വന്നത്. മുറയും ക്രമവുമില്ലാതെ പാറിത്തുടങ്ങിയ ചിന്തകൾ ഒരു പുടപാകത്തിനുശേഷം എന്നെക്കൊണ്ടെത്തിച്ചത്, ഈ സമ്പുടമുൾക്കൊള്ളുന്ന കൃതികൾക്കു മാത്രമല്ല, സുഗതകുമാരിയുടെ എല്ലാക്കവിതകൾക്കും ഒരുപോലെ ഇണങ്ങുന്ന ചില അഭിപ്രായങ്ങളിലാണ്. അതേ, അങ്ങനെ ചിലതുണ്ട്, സുഗതകുമാരിയുടെ കവിതകൾക്ക്—ചില